**ജനാധികാര രാഷ്ട്രീയ സമിതിയും അഖിലേന്ത്യാ സാംസ്കാരിക കൂട്ടായ്മയും സമരമേഖലകളായ ചെങ്ങറയിലും വിളപ്പിൽശാലയിലും അതിരപ്പിള്ളിയിലും പ്ലാച്ചിമടയിലും സംഘടിപ്പിച്ച ഐക്യദാർഢ്യ പരിപാടിയിൽ ചാരു നിവേദിത എത്തിയപ്പോൾ.**

# ഭരണകൂടങ്ങൾക്ക് താക്കീതുമായി ചാരു നിവേദിത

ചിറ്റൂർ ഷൺമുഖദാസ്

ഒരുകാലത്ത് ബ്രിട്ടീഷുകാർ ഇന്ത്യയിൽ കോളനികൾ സ്ഥാപിച്ച് അടിമകളാക്കിയെങ്കിൽ, ഇന്ന് കമ്യൂണിസ്റ്റുകർ കൊടിയെ വെച്ച് പാവപ്പെട്ട ജനതയെ അടിച്ചമർത്തികൊണ്ടിരിക്കുകയാണെന്ന് ദലിത് ആക്ടിവിസ്റ്റും, എഴുത്തുകാരനുമായ ചാരുനിവേദിത അഭിപ്രായപ്പെട്ടു. കോള വിരുദ്ധസമരം നടക്കുന്ന പ്ലാച്ചിമടയിലെ പോരാട്ടത്തിന് പിൻതുണ പ്രഖ്യാപിച്ച് സമരപ്പന്തലിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മണ്ണിന്റെ മക്കളെ അടിച്ചമർത്താനാണ് കമ്യൂണിസ്റ്റുകാർ ശ്രമിക്കുന്നത്. ഈസ്റ്റിന്ത്യാ കമ്പനിക്ക് കോളനികൾ സ്ഥാപിക്കാൻ ചില ഏജന്റുമാർ ഒത്താശ ചെയ്ത് കൊടുത്തിരുന്നുവെങ്കിൽ, ഇപ്പോൾ ആ പണി നടത്തുവാൻ മുന്നിൽ നിൽക്കുന്നത് ഇന്ത്യയിലെ കമ്യൂണിസ്റ്റ്-മാർക്സിസ്റ്റ് ഭരണകൂടങ്ങളാണെന്നും അദ്ദേഹം അരോപിച്ചു.

ജലത്തിനും ജീവനും വേണ്ടി പോരാട്ടം നടത്തുന്ന പ്ലാച്ചിമടയിലെ ജനങ്ങൾക്കൊപ്പം നിൽക്കാൻ മലയാളത്തിലെ മുൻനിര സാഹിത്യകാരന്മാർ മുന്നോട്ടു വരുന്നില്ല. സിനിമ, സീരിയൽ രംഗങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ച് സാമ്പത്തിക നേട്ടമുണ്ടാക്കാനാണ് ഇവർ ശ്രമിക്കുന്നത്. പ്ലാച്ചിമടക്കാർ സമരം നടത്തുന്നത് അവർക്കു വേണ്ടി മാത്രമല്ല, വെള്ളം കുടിക്കുന്ന ഈ ലോകത്തെ എല്ലാ മനുഷ്യർക്കും വേണ്ടിയാണ്. ഈ തിരിച്ചറിവ് നമ്മുടെ എഴുത്തുകാർക്ക് ഇല്ലാതെ പോവുന്നതിൽ വിഷമമുണ്ട്. സമൂഹത്തിൽ കടമമറന്നുകൊണ്ടാണ് എഴുത്തുകർ പ്രവർത്തിച്ചുവരുന്നത്.



പ്ലാച്ചിമട സമരസന്ദേശം ഞാൻ ലോകത്തോട് വിളിച്ചു പറയും. അടുത്ത മാസം അമേരിക്കയിൽ ഒരു പരിപാടിയിൽ പങ്കെടുക്കാൻ പോവുന്നുണ്ട്. ഈ വിഷയം അവിടെ ചർച്ചാവിഷയമാക്കുമെന്നും ചാരുനിവേദിത പറഞ്ഞു.

കേരളത്തിൽ സി.പി.എം. നേതൃത്വത്തിലുള്ള കമ്യൂണിസ്റ്റുകാർ ജനകീയ പ്രസ്ഥാനങ്ങളെ അടിച്ചമർത്താനാണ് ശ്രമിക്കുന്നത്. കുടിവെള്ളം സംരക്ഷിക്കാൻ പ്ലാച്ചിമടയിലെ അടിസ്ഥാന ജനത നടത്തുന്ന പോരാട്ടത്തിന് സർവ്വവിധ പിൻതുണയുമായെത്തേണ്ട ഇടതുപക്ഷ നേതാക്കൾ അധികാരത്തിൽ കയറി രണ്ടുവർഷം കഴിഞ്ഞിട്ടും പ്രശ്നപരിഹാരത്തിന് തയ്യാറാവാത്തത് ലജ്ജാകരമാണ്. ഒരുതുണ്ട് ഭൂമിക്കായി ചെങ്ങറയിൽ നടക്കുന്ന ഭൂസമരത്തെ തകർക്കാനാണ് ഇടതുസർക്കാർ ശ്രമിക്കുന്നത്. ഒരു കാലത്ത് പാവപ്പെട്ടവർക്ക് കൃഷിഭൂമി ലഭിക്കുന്നതിനു വേണ്ടി ഭൂപരിഷ്ക്കരണ നിയമങ്ങൾ നടപ്പിലാക്കി വിപ്ലവം സൃഷ്ടിച്ച ഇടതുപക്ഷം, കയറികിടക്കാൻ ഇത്തിരി ഭൂമിക്കായി സമരം നടത്തുന്ന ചെങ്ങറയിലെ ആയിരങ്ങളെ അടിച്ചിറക്കാനാണ് ശ്രമിക്കുന്നത്.

ലക്ഷക്കണക്കിന് ജനങ്ങൾക്ക് ഉപകാരപ്രദമായ ഒരു പുഴയെ കൊല്ലുന്ന രീതിയിൽ ഡാം നിർമിക്കാനുള്ള സർക്കാരിന്റെ നീക്കത്തിനെതിരെ അതിരപ്പിള്ളിയിലെ ജനത നടത്തുന്ന സമരത്തെ സർക്കാർ കണ്ടില്ലെന്നു നടിക്കുന്നതും ശരിയല്ല. ഭൂവുടമകൾക്കെതിരെ സമരം നടത്തിയ വി.എസ്. അച്ചുതാനന്ദനാണ് ഇപ്പോഴത്തെ മുഖ്യമന്ത്രി. അദ്ദേഹം കേരളത്തിൽ നടക്കുന്ന അവകാശപ്പോരാട്ടങ്ങൾ കണ്ടില്ലെന്ന് നടിക്കുകയാണ്.

ആഗോളവൽക്കരണത്തിന്റെ കാലഘട്ടത്തിൽ സാധാരണ ജനങ്ങളുടെ ജീവിതം പൊറുതി മുട്ടിക്കുന്ന തരത്തിൽ പ്രകൃതി വിഭവങ്ങളും വിപണിയും തങ്ങളുടെ നിയന്ത്രണത്തിലാക്കുന്നതിൽ ആഗോള ഭീമന്മാർ വിജയിച്ചുകൊണ്ടിരിക്കുന്നു. അവർക്ക് ഓശാന പാടുവാനാണ് ഭരണകൂടങ്ങൾ ശ്രമിച്ചുവരുന്നത്. ഇങ്ങനെ രാഷ്ട്രീയ ശക്തികൾ മൂലധന ശക്തികളിൽ നിന്ന് പ്രതിഫലം പറ്റുന്നവരായി മാറിയിരിക്കുന്നു. ഈ തിരിച്ചറിവ് സാധാരണ ജനങ്ങളിലെത്തിക്കാൻ ഇത്തരം സമരങ്ങളിലൂടെ കഴിയേണ്ടതുണ്ട്. പ്രകൃതിവിഭവ ങ്ങളായ ജലവും മണ്ണുമൊക്കെ കൊള്ളയടിച്ച് നമ്മൾക്ക് തന്നെ വിൽക്കുന്നവർക്കെതിരെ ഒരു രണ്ടാം സ്വാതന്ത്ര്യസമരം ആവശ്യമാണ്. വിദേശകുത്തകകളെ വിളിച്ചുവരുത്തുന്നവർ കമ്യൂണിസ്റ്റുകാരാണെങ്കിൽ അവർക്കെതിരെയും നാം പോരാട്ടം നടത്തണമെന്നും ചാരുനിവേദിത പറഞ്ഞു.

*മാധ്യമം, പാലക്കാട്*